**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 66** **06-02-2023 - ൽ മറുപടിയ്ക്ക്**

**വെള്ളക്കര കുടിശിക പിരിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നുമായി ആയിരത്തി അറുന്നൂറോളം കോടി രൂപ കുടിശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **കേരള ജല അതോറിറ്റി പൊതുമേഖല സ്ഥാപനങ്ങൾ സർക്കാർ ഓഫീസുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മറ്റുള്ളവ (ഗാർഹിക/ഗാർഹികേതര വ്യാവസായിക) യിൽ നിന്നുമായി 1591.80 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.** |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും കുടിശിക പിരിച്ചെടുക്കാതെ വെള്ളക്കരം കൂട്ടി ജനങ്ങൾക്ക് അധിക ബാധ്യത വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (ബി) | **ഇപ്രകാരമുള്ള ഒരു അക്ഷേപം ശ്രദ്ധയിൽപ്പെട്ടില്ല. വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽ നിന്നായി ലഭിക്കേണ്ടത് 1591.80 കോടി രൂപയാണ്. എന്നാൽ നിലവിൽ വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം 2021-22 പ്രകാരം 4911.42 കോടി രൂപയാണ്. ഇതു കൂടാതെ വിവിധ കാര്യങ്ങളിലായി വാട്ടർ അതോറിറ്റി കൊടുക്കാനുള്ള ബാദ്ധ്യത എന്നു പറയുന്നത് 2,567.05 കോടി രൂപയാണ്. ആയതിനാൽ മറ്റ് ഓഫീസുകളിൽ നിന്നുള്ള കുടിശ്ശിക പിരിച്ചെടുത്താൽ പോലും വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം നികത്താനോ ഭാവിയിൽ നഷ്ടം ഉണ്ടാകാതിരിക്കാൻ കഴിയുകയോ ഇല്ല. കാരണം പിന്നീടും ഓരോ കിലോ ലിറ്ററിനും 11.93 രൂപ നഷ്ടം തുടരും. അയതിനാലാണ് വെള്ളക്കരം ഉയർത്തേണ്ടി വന്നത്.** |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും ലഭിക്കാനുള്ള കുടിശികത്തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | **പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി കൈകൊണ്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ച കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകി. കൂടാതെ സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശിക അടക്കണം എന്ന് അറിയിച്ച കൊണ്ട് ജല വിഭവ വകുപ്പ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് കത്തു നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ പ്രഖ്യാപിച്ച** |

| | | | |
|---|---|---|---|
| | | | ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്ര ശ്രമം നടത്തിയിരുന്നു. യുദ്ധകാല അടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനു വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും 01/01/2023 മുതൽ 31/03/2023 വരെ ''വാർ റൂമുകൾ'' പ്രവർത്തിച്ചു വരുന്നു. മാത്രമല്ല എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ട് പോയി കുടിശ്ശിക തുക അടക്കണമെന്ന് കാണിച്ചു കത്തുകളും നൽകുന്നു. |

സെക്ഷൻ ഓഫീസർ